# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം.പി.14/1290/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 09/11/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം.പി.14/1290/21 തീയ്യതി: 09/11/2021

## കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-11-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 16-09-2021 | 01-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-09-2021 | 01-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജി.പി.ആർ, ഓഡിറ്റ് ഓഫീസർ
ശ്രീ. ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാജിമോൻ.പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ബാബുരാജ്.കെ.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷൈനി സന്തോഷ് | പ്രസിഡന്റ് | 01-04-2019 | 30-06-2019 |
| ശ്രീമതി.നിർമ്മല മോഹനൻ | പ്രസിഡന്റ് | 01-07-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീകാന്ത്.ടി.ആർ | സെക്രട്ടറി | 01-04-2019 | 19-01-2020 |
| ശ്രീമതി.എൻ.എൻ.ഉഷാകുമാരി | സെക്രട്ടറി | 20-01-2020 | 31-03-2020 |
| ശ്രീമതി.അശ്വിനി.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ജോയ്സി ജോൺ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.ഷാജു സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ, പി എച്ച്സി | 01-04-2019 | 31-03-2020 |
| ഡോ.സീനിയ.പി.കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ബിനോയി ജോസഫ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജ്യോതി.എസ്.കുമാർ | എെ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അനു കുമാരൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.മേരിക്കുട്ടി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഗ്രേസി.വി.ബെഞ്ചമിൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ചിത്ര.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.സുരേഷ് സാമുവൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P B Shajimon (Auditor, On 29-09-2021)<br>Last Updated By: P B Shajimon (Auditor, On 01-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: P B Shajimon (Auditor, On 01-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P B Shajimon (Auditor, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saji P R (Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shanti George (Asst. Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Saji P R (Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: P B Shajimon (Auditor, On 29-09-2021)<br>Last Updated By: P B Shajimon (Auditor, On 01-10-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: P B Shajimon (Auditor, On 29-09-2021)<br>Last Updated By: P B Shajimon (Auditor, On 01-10-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Saji P R (Audit Officer, On 03-10-2021)<br>Last Updated By: Saji P R (Audit Officer, On 03-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: P B Shajimon (Auditor, On 29-09-2021)<br>Last Updated By: P B Shajimon (Auditor, On 01-10-2021) | 1-10 |
| 11 | ഐ.എച്ച്.ആർ.ഡി എഞ്ചിനിയറിംഗ് കോളേജ്- അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടത്തിന്റെ നിർമ്മാണം ക്രമവത്കരിച്ചത്- രാജിയാക്കൽ ഫീസ് ഈടാക്കിയില്ല<br>Written By: K.B.Baburaj (Auditor, On 03-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 1-11 |
| 12 | ഉപയോഗക്രമം, റോഡ്, മേഖല എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല<br>Written By: K.B.Baburaj (Auditor, On 03-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-12 |
| 13 | ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല-ഈടാക്കിയില്ല<br>Written By: K.B.Baburaj (Auditor, On 03-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-10-2021) | 1-13 |
| 14 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ<br>Written By: K.B.Baburaj (Auditor, On 03-10-2021)<br>Last Updated By: Saji P R (Audit Officer, On 03-10-2021) | 1-14 |
| 15 | വാടക പുനർനിർണ്ണയം-വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശിക എന്നിവ സംബന്ധിച്ച്<br>Written By: K.B.Baburaj (Auditor, On 03-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-15 |
| 16 | നികുതി വിഹിതങ്ങൾ ഒടുക്കിയിട്ടില്ല<br>Written By: Saji P R (Audit Officer, On 03-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-10-2021) | 1-16 |
| 17 | ഇടമല എസ്. റ്റി. സാംസ്കാരിക നിലയം മെയിന്റനൻസ്-പൂർത്തിയാക്കിയിട്ടില്ല<br>Written By: Saji P R (Audit Officer, On 03-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-17 |
| 18 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും | 1-18 |

| | | |
|---|---|---|
| | ഈടാക്കിയ കാലിബാരലിന്റെ വില സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല<br>Written By: Saji P R (Audit Officer, On 03-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | |
| 19 | മരാമത്ത് പ്രവൃത്തികൾ-കരാറുകൾ മത്സരാധിഷ്ഠിതമല്ല<br>Written By: Shanti George (Asst. Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-10-2021) | 1-19 |
| 20 | കക്കൂസ് മെയിന്റനൻസ് -അപാകതകൾ<br>Written By: Saji P R (Audit Officer, On 03-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-10-2021) | 1-20 |
| 21 | പുതിയ തുറന്ന കിണർ നിർമ്മാണം( ജനറൽ )- മൂല്യനിർണ്ണയം നടത്താതെ തുക അനുവദിച്ചു.<br>Written By: Saji P R (Audit Officer, On 03-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-10-2021) | 1-21 |
| 22 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം- പ്രോജക്ട്<br>Written By: P B Shajimon (Auditor, On 01-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-10-2021) | 1-22 |
| 23 | പ്രത്യേക കന്നുകുട്ടി പരിപാലനം പ്രോജക്ട് സംബന്ധിച്ച്<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-10-2021) | 1-23 |
| 24 | പശുത്തൊഴുത്ത് നവീകരണം പ്രോജക്ട് - മൂല്യനിർണ്ണയം നടത്താതെ തുക അനുവദിച്ചു<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-10-2021) | 1-24 |
| 25 | പ്രോജക്ട് നമ്പർ 247/ 20 കുന്നോന്നി സാംസ്കാരികനിലയത്തിന് കുഴൽകിണർ നിർമ്മാണം പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-10-2021) | 1-25 |
| 26 | ആശ്രയ പദ്ധതി- പിൻവലിച്ച തുക ചെലവഴിച്ചിട്ടില്ല<br>Written By: P B Shajimon (Auditor, On 01-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-10-2021) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: P B Shajimon (Auditor, On 01-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: P B Shajimon (Auditor, On 01-10-2021) | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-10-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: P B Shajimon (Auditor, On 01-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: P B Shajimon (Auditor, On 01-10-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: P B Shajimon (Auditor, On 01-10-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 4-9 |
| 10 | | 4-10 |

| | | |
|---|---|---|
| | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P B Shajimon (Auditor, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | |

| | |
|---|---|
| **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

2019-2020 വർഷത്തെ ബജറ്റ് 05.2.2019 ലെ 2/1- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 5168566 | 9383825 |
| വരവ് | 132939000 | 54777095 |
| ആകെ | 138107566 | 64160920 |
| ചെലവ് | 133312000 | 55963662 |
| നീക്കിയിരിപ്പ് | 4795566 | 8197258 |

### 1-2 വാർഷികധനകാര്യപത്രിക

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.07.2011ലെ ജി.ഒ(എംഎസ്)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ വർഗ്ഗീകരണവും, മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) RP-32 ഷെഡ്യൂൾ പ്രകാരം തൻവർഷത്തെ ലോൺ വരവ് 105882/ രൂപയാണ്.യഥാർത്ഥത്തിലുള്ള വരവ് 60000/ രൂപ മാത്രമാണ്. 45882/രൂപ പലിശ ഇനത്തിൽ ലഭിച്ചതുക തെറ്റായി അക്കൗണ്ട് ചെയ്തതാണ്. ഇത് പ്രകാരമുള്ള വ്യത്യാസം ബാലൻസ് ഷീറ്റിലും ( ബി- 5) പ്രതിഫലിക്കുന്നു.( 2020-21 സാമ്പത്തിക വർഷം അപാകതപരിഹരിച്ചിട്ടുണ്ട്)

5) ബാലൻസ് ഷീറ്റിലെ B18 ഷെഡ്യൂൾ പ്രകാരം Advance To Others എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് 381072 രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് 381972രൂപയാണ്. 900രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

6) വാടകരജിസ്റ്ററിലെ കുടിശ്ശികയും വാർഷിക ധനകാര്യ പത്രികയിലെ കുടിശ്ശികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9383825 |
| ഓഡിറ്റ് വർഷത്തെ വരവ് | 54777095 |
| ആകെ | 64160920 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 55963662 |
| നീക്കിയിരിപ്പ് | 8197258 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1683049 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത്/ നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് | 0 | 12380000 | 12380000 | 10438367 | 1941633 | 84.31 |

| | | | | | | |
|---|---|---|---|---|---|---|
| പൊതുവിഭാഗം | | | | | | |
| വികസനഫണ്ട് എസ്.സി.പി. | 0 | 2197000 | 2197000 | 1422080 | 774920 | 64.72 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1398000 | 1398000 | 610841 | 787159 | 43.69 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10642000 | 10642000 | 9823648 | 818352 | 92.31 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3583000 | 3583000 | 1651822 | 1931178 | 46.10 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 9465333 | 9465333 | 4934686 | 4530647 | 52.13 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 281 | 12535094 | 12535375 | 12533169 | 2206 | 99.98 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 288917 | 426789 | 715706 | 498086 | 217620 | 69.59 |
| ശുചിത്വമിഷൻ ഗ്രാന്റ് | 489298 | 0 | 489298 | 489298 | 0 | 100 |
| ആയുർവ്വേദ വകുപ്പ് വിഹിതം | 0 | 250000 | 250000 | 249920 | 80 | 99.96 |

വികസനഫണ്ട് പൊതുവിഭാഗത്തിന്റെ അലോട്ടുമെന്റുകളിൽ നിന്നും 741507/-രൂപ കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 219/20<br>സമ്പൂർണ്ണ പാർപ്പിട പദ്ധതി ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 367647 | വികസനഫണ്ട് പൊതുവിഭാഗം |
| 240/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 367647 | വികസനഫണ്ട് പൊതുവിഭാഗം |
| 220/20<br>കേരള ജല അതോറിറ്റിക്ക് അടയ്ക്കേണ്ട കുടിശ്ശിക തുക | 3068 | വികസനഫണ്ട് പൊതുവിഭാഗം |
| 236/20<br>കേരള ജല അതോറിറ്റിക്ക് അടയ്ക്കേണ്ട കുടിശ്ശിക തുക | 3068 | വികസനഫണ്ട് പൊതുവിഭാഗം |
| 237/20<br>കേരള ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ട കുടിശ്ശിക തുക | 77 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 741507 | വികസനഫണ്ട് പൊതുവിഭാഗം |

## 1-5 പദ്ധതി അവലോകനം

2019-20 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് 28.11.2018 ൽ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 26.10.2018മുതൽ 31.10.2018 തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസന സെമിനാർ നടന്നത് 21.11.2018ലാണ്. വ്യക്തിഗത ഗുണഭോക്താക്കളെ

തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ 06.02.19 മുതൽ 12.02.19 വരെയും ഊരുകൂട്ടം 20-28/10.2018ലും ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 21.12.2018 ലെ 2-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 20.03.2020 ലെ 2707/18/DPC/ DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 214 | 92965262 | 151 | 37625726 | 63 | 70.5% |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 745368 | 5 | 566819 |
| വെറ്ററിനറി സർജൻ | 7 | 3999500 | 7 | 2717000 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 5 | 2990316 | 3 | 1241816 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 3,00,000 | 1 | 3,00,000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 2,00,000 | 1 | 2,00,000 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 4961900 | 7 | 3785174 |
| ഹെഡ് മാസ്റ്റർ | 4 | 943608 | 3 | 377419 |
| സെക്രട്ടറി | 26 | 4442412 | 12 | 1639522 |
| അസിസ്റ്റന്റ്സെക്രട്ടറി | 12 | 1122049 | 10 | 729509 |
| അസിസ്റ്റന്റ് എൻജിനീയർ | 128 | 29915639 | 88 | 16415208 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 1637431 | 2 | 1248979 |
| വി.ഇ.ഒ | 14 | 41707039 | 12 | 8404280 |
| ആകെ | 214 | 92965262 | 151 | 37625726 |

<u>1,07,83,889/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.</u>

2019-20 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 1,07,83,889 /- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 12380000 | 10438367 | 1941633 |
| വികസന ഫണ്ട് (എസ്.സി.പി) | 2197000 | 1422080 | 774920 |
| വികസന ഫണ്ട് (ടി.എസ്.പി) | 1398000 | 610841 | 787159 |
| സംരക്ഷണ | 10642000 | 9823648 | 818352 |

| | | | |
|---|---|---|---|
| ഗ്രാന്റ് (റോഡ്) | | | |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3583000 | 1651822 | 1931178 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (UnTied) | 9465333 | 4934686 | 4530647 |
| ആകെ | | | 1,07,83,889/- |

ധനകാര്യവകുപ്പിന്റെ ഉത്തരവുകൾ പ്രകാരം വികസനഫണ്ടിന്റെ ഒന്നം,രണ്ടും മൂന്നം ഗഡുക്കൾ അനവദിച്ചപ്പോൾ ലൈഫ് മിഷൻ വായ്പാതിരിച്ചടവായി രൂ 367647/-വീതമുള്ള രണ്ട് ഗഡുക്കൾ,കേരളാ വാട്ടർ അതോറിറ്റി കുടിശ്ശിഖ3068/-വീതമുള്ള രണ്ട് ഗഡുക്കൾ, കേരളാ ഇലക്ട്രിസിറ്റി ബോർഡ് കുടിശ്ശിഖ രൂ77/- എന്നിങ്ങനെ ആകെ 7,41,507/- പൊതുവിഭാഗത്തിൽ നിന്നം സ്രോതസ്സിൽനിന്നം കുറവ് ചെയ്തു. എന്നാൽ ഇവ സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്ററർ പ്രകാരമുള്ള ചെലവ് തുകയിൽ ഉൾപ്പെടുന്നില്ല. അതിനാൽ ഇവ പൊരുത്തപ്പെടുന്നില്ല.

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 1,07,83,889/-(ഒരു കോടി ഏഴ് ലക്ഷത്തിലധികം രൂപ) നഷ്ടമാകാനിടയായതായി കാണുന്നു. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷം 111 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 14 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 188പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 188പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 141 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 35368 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 186 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 154 അയൽക്കൂട്ടങ്ങളും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 652 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നൽകി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, നഴ്സറി നിർമ്മാണം, പടുതാക്കുളം നിർമ്മാണം, കിണർ നിർമ്മാണം എന്നീ പ്രവൃത്തികളും ആസ്തി സൃഷ്ടിക്കൽ പ്രവൃത്തികളായി ആട്ടിൻ കൂട്, തൊഴുത്ത്, കോഴിക്കൂട്, പന്നിക്കൂട്, റീചാർജ് പിറ്റ്, അസോള ടാങ്ക്, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2019-20 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 281 | 745998 | 746279 | 744073 | 2206 |
| ഇ.എഫ്.എം.എസ്. | 0 | 11789096 | 11789096 | 11789096 | 0 |
| ആകെ | 281 | 12535094 | 12535375 | 12533169 | 2206 |

## 1-7 ക്ഷേമപെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33840 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 1316300 | 230 |
| വിധവാപെൻഷൻ | 3892200 | 606 |
| വാർദ്ധക്യകാലപെൻഷൻ | 7596600 | 1173 |
| വികലാംഗപെൻഷൻ | 1518800 | 255 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള | 360400 | 255 |

| | | |
|---|---|---|
| അവിവാഹിതർക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-09-2021 3.15 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3087/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
1) ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
2) വസ്തുനികുതി വിവിധ ശീർഷങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3) പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.
4) ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നില്ല.

5) തനത് ഫണ്ട് വിനിയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളുടെ തുക നൽകുന്നതിന് അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ അക്കൗണ്ട് തുടങ്ങിയിട്ടില്ല.

6) കെട്ടിടങ്ങളെ അവയുടെ വിനിയോഗത്തിന് അനുസൃതമായി നികുതി നിർണ്ണയിക്കുന്നില്ല.

7)ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

8) വൗച്ചറുകൾ, ബിൽ രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.03.2019 – 14.03.2019 | 2013-14മുതൽ 2017-18വരെ | LBA(HQ)II/1/8A-211/18-19-18/ തീയതി .10.04.19 |
| പെർഫോമൻസ് ഓഡിറ്റ് | 24.08.21-27.08.21 | 2020-21 | ലഭിച്ചിട്ടില്ല |

1-11 ഐ.എച്ച്.ആർ.ഡി എഞ്ചിനിയറിംഗ് കോളേജ്- അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടത്തിന്റെ നിർമ്മാണം ക്രമവത്കരിച്ചത്- രാജിയാക്കൽ ഫീസ് ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ 13ം വാർഡിൽ നിർമ്മിച്ചിരിക്കുന്ന എഞ്ചിനിയറിംഗ് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടത്തിന് ഒക്യുപൻസി അനുവദിക്കുന്നതിനായി കോളേജ് പ്രിൻസിപ്പാൾ 29.2.2020 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. അനുമതി കൂടാതെ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് റെഗുലറൈസേഷൻ ഫീസും രാജിയാക്കൽ ഫീസും അടവാക്കേണ്ടതാണ് എന്ന് സെക്രട്ടറി 05.03.2020 ലെ എ 2-611/2020 നം. കത്ത് പ്രകാരം മറുപടി നൽകിയതായും കാണുന്നു. സർക്കാർ എഞ്ചിനിയറിംഗ് കോളേജിന് ഫീസിളവുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിന് കത്തിൽ നിർദ്ദേശിച്ചിട്ടുമുണ്ട്. കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള IHRD യുടെ കീഴിലുള്ള കോളേജിന്റെ കെട്ടിടമായതിനാലും കെട്ടിടം നിർമ്മിച്ചിട്ടുള്ളത് സർക്കാർ വകുപ്പായ പി.ഡബ്ല്യു.യു നിർമ്മിച്ചിട്ടുള്ള കെട്ടിടമായതിനാലും ഫീസിളവ് നൽകണമെന്നും പ്രിൻസിപ്പാൾ മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് ഫീസ് മാത്രം ഈടാക്കി കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പെർമിറ്റില്ലാതെയുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് ക്രമവത്കരണ ഫീസിൽ ഇളവ്

അനുവദനീയമാണോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുള്ള ഓഡിറ്റന്വേഷണക്കുറിപ്പിന് (നം. 11 തീയതി 28.9.2021), അപാകത പരിഹരിയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. രാജിയാക്കൽ ഫീസിനത്തിൽ കുറവായി ഈടാക്കിയ ₹ 18980/- ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ഉപയോഗക്രമം, റോഡ്, മേഖല എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല

കെട്ടിടത്തിന്റെ ഉപയോഗക്രമം, വിസ്തീർണ്ണം, പഴക്കം, മേഖല, റോഡ് സൗകര്യം, സെൻട്രലൈസ്ഡ് എ.സി തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് 'സഞ്ചയ' വസ്തുനികുതി കണക്കാക്കുന്നത് എന്നതിനാൽ കൃത്യതയില്ലാത്ത വിവരങ്ങൾ നൽകുന്നത് തെറ്റായ നികുതി നിർണ്ണയത്തിനിടയാക്കുന്നുണ്ട്. കെട്ടിട നികുതി നിർണ്ണയ വിവരങ്ങൾ നമ്പറിംഗ് ഫയലിലും 'സഞ്ചയ'യിലും പരിശോധിച്ചതിൽ ഇത്തരം ധാരാളം അപാകതകൾ നിലവിലുള്ളതായി കാണുന്നു.

കെട്ടിടം സ്ഥിതിചെയ്യുന്ന മേഖല, കെട്ടിടത്തിലേയ്ക്കുള്ള വഴി സൗകര്യം ,മേൽക്കൂരയുടെ നിർമ്മിതി തുടങ്ങി അടിസ്ഥാന നികുതിയിൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്നിവ നിർണ്ണയിയ്ക്കുന്നതിനായി പഞ്ചായത്ത് ഭൂപ്രദേശം മേഖലകളായി തിരിച്ചതിന്റെയും റോഡുകളുടെ തരം തിരിവിന്റെയും വിജ്ഞാപനം സംബന്ധിച്ച ഫയൽ ഓഡിറ്റിന് ലഭിച്ചിട്ടില്ല. മേഖലകളുടെ തരം തിരിവ് സംബന്ധിച്ച കമ്മിറ്റി തീരുമാനമുള്ള മിനിറ്റ്സ് ബുക്ക് പേജിന്റെ പകർപ്പ് മാത്രമാണ് ലഭിച്ചിട്ടുള്ളത്.

1) മേഖല

I) ഒരേ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വിവിധ കെട്ടിടങ്ങളെ അല്ലെങ്കിൽ ഒരു കെട്ടിടത്തിന്റെ തന്നെ വിവിധ നിലകളെ വ്യത്യസ്ഥ മേഖലകളിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഉദാ: ശ്രീ. ജോബിൻ മാത്യു, കല്ലമ്മാക്കൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 10/121 A, 10/121 B നമ്പർ കെട്ടിടങ്ങളിൽ ആദ്യത്തേത് ത്രിതീയ മേഖലയിലും രണ്ടാമത്തേത് ദ്വിതീയ മേഖലയിലുമാണ് ഉൾപ്പെട്ടിട്ടുള്ളത്. 13/25 A നമ്പർ കെട്ടിടം ദ്വിതീയ മേഖലയിൽ പെടുമ്പോൾ 13/25 B,C,D നമ്പർ കെട്ടിടങ്ങൾ പ്രഥമ മേഖലയിൽ ഉൾപ്പെട്ടുകാണുന്നു.

iii) പ്രഥമ മേഖലയോട് ചേർന്നു വരുന്നതും കൂടാതെ PWD റോഡുകളിൽ നിന്നും 100 മീറ്ററിനുള്ളിൽ ഉൾപ്പെടുന്ന പ്രദേശം ദ്വിതീയ മേഖലയായി നിർണ്ണയിച്ചതായി കമ്മിറ്റി മിനിറ്റ്സിൽ കാണുന്നു എങ്കിലും പ്രധാന റോഡുകളോട് ചേർന്നുള്ള കെട്ടിടങ്ങൾപോലും ത്രിതീയ മേഖലയിൽ ഉൾപ്പെട്ടുകാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | റോഡ് | മേഖല |
|---|---|---|---|
| 1 | 4/70 E,F | പൂഞ്ഞാർ-അടിവാരം റോഡ് | ത്രിതീയം |
| 2 | 5/98 A | പൂഞ്ഞാർ-കൈപ്പള്ളി കളത്വ റോഡ് | ത്രിതീയം |
| 3 | 6/192 A | പെരിങ്ങളം- വെള്ളാപ്പാറ റോഡ് | ത്രിതീയം |
| 4 | 7/201 C | പൂഞ്ഞാർ- കുന്നോന്നി ആലുന്തറ റോഡ് | ത്രിതീയം |
| 5 | 7/264 B | കുന്നോന്നി ആലുന്തറ റോഡ് | ത്രിതീയം |
| 6 | 8/6A,6B | പൂഞ്ഞാർ-കുന്നോന്നി ആലുന്തറ | ത്രിതീയം |

2) റോഡ്

ഒരു കെട്ടിടത്തിലെ വിവിധ മുറികൾക്ക് അല്ലെങ്കിൽ സമീപസ്ഥമായ കെട്ടിടങ്ങൾക്ക് റോഡുകളുടെ തരം വ്യത്യസ്ഥമായി രേഖപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുള്ളതായും കാണുന്നു.

I) റെജിമോൻ റ്റി.എസ് & ജിജിമോൾ, താഴത്തേടത്ത് എന്നയാളുടെ ഉടമസ്ഥതയിലുള്ള പൂഞ്ഞാർ കൈപ്പള്ളി റോഡിനോട് ചേർന്നുള്ള 13/161 B നമ്പർ കെട്ടിടത്തിന്റെ കാര്യത്തിൽ 'അഞ്ച് മീറ്ററിൽ' കൂടുതൽ എന്ന ഗണത്തിൽപ്പെടുത്തി 20% നികുതി വർദ്ധനവ് നൽകിയപ്പോൾ 13/161A നമ്പർ കെട്ടിടത്തിന്റെ കാര്യത്തിൽ റോഡിന്റെ തരം' ഒന്നര മീറ്ററിൽ കൂടുതൽ അഞ്ച് മീറ്ററിൽ താഴെ ' എന്ന വിഭാഗത്തിൽപ്പെടുത്തിയത് കുറഞ്ഞ നികുതി നിർണ്ണയത്തിന് ഇടയാക്കിയിട്ടുണ്ട്.

Ii) 8 മീറ്റർ വീതിയുള്ള റോഡായി പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള പൂഞ്ഞാർ മങ്കുഴികുന്ന് റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള 13/14 A നമ്പർ കെട്ടിടത്തിന്റെ (താഴത്തെ നില) നികുതി നിർണ്ണയത്തിൽ റോഡിന്റെ തരത്തിന് ബാധകമായ 20% വർദ്ധനവ് നൽകിയിട്ടില്ല. 13/14 B നമ്പർ കെട്ടിടത്തിന്റെ (ഒന്നാം നില) കാര്യത്തിൽ റോഡിന്റ തരം 5 മീറ്ററിൽ കൂടുതലാണ്.

Iii) പൂഞ്ഞാർ- പാതാമ്പുഴ റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള XI/108 A, 108 B നമ്പർ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ റോഡിന്റെ തരം' ഒന്നര മീറ്ററിൽ കൂടുതൽ അഞ്ച് മീറ്ററിൽ താഴെ ' എന്ന വിഭാഗത്തിൽപ്പെടുത്തിയത് നികുതി നഷ്ടത്തിന് ഇടയാക്കിയിട്ടുണ്ട്.

Iv) 8 മീറ്റർ വീതിയുള്ള റോഡ് പ്രവേശന മാർഗ്ഗമായി പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള XI/89 A നമ്പർ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ റോഡിന്റെ തരം' ഒന്നര മീറ്ററിൽ കൂടുതൽ ' എന്ന് രേഖപ്പെടുത്തിയതിനാൽ ബാധകമായ നികുതി വർദ്ധനവ് വരുത്തിയിട്ടില്ല.

V) ശ്രീ.ഇ.എം.മധു, മൃദുൻകുമാർ,അക്ഷയകുമാർ ,ഈട്ടിയ്ക്കൽ എന്നിവരുടെ ഉടമസ്ഥതയിൽ പൂഞ്ഞാർ-പെരിങ്ങളം റോഡിനോട് ചേർന്നുള്ളതും വ്യവസായാവശ്യത്തിനുള്ളവ-കൈത്തറി ഷെഡ്,കയർപിരി ഷെഡ് എന്ന വിനിയോഗഗണത്തിൽ സ്റ്റോറേജ് ഷെഡ് ആയി നികുതി നിർണ്ണയിച്ചിട്ടുള്ളതുമായ 2/77 നം. കെട്ടിടത്തിന്റെ കാര്യത്തിൽ മേഖലയ്ക്കും വഴി സൗകര്യത്തിനും ഇളവ് നൽകിയിട്ടുണ്ട്.

Vi) ജിമ്മിസ്കറിയ, ഇലഞ്ഞിമറ്റത്തിൽ ,കുന്നോന്നി എന്നയാളുടെ ഉടമസ്ഥതയിലുള്ളതും പൂഞ്ഞാർ കുന്നോന്നി റോഡ് സമീപ റോഡായതുമായ 13/402 C മുതൽ 13/402 Q വരെയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ മേഖല 'പ്രഥമവും' റോഡിന്റെ തരം ' ഒന്നര മീറ്ററിൽ കൂടുതലും ' ആണെങ്കിൽ 13/402 R മുതൽ 13/402 V വരെയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ മേഖല ‘ ദ്വിതീയ ‘ വും റോഡിന്റെ തരം ' 5 മീറ്ററിൽ കൂടുതലും ' ആണ്.

3) ഉപയോഗക്രമം

I) ലൈസൻസുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകത ചുവടെ ചേർക്കുന്നു.

| രജി. ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | നിലവിലെ ഉപയോഗ ക്രമം | നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപയോഗക്രമം |
|---|---|---|---|---|
| 13 | 8/203 | ജോൺസൺ,കള്ളികാട്ട് | റെഡിമെയ്ഡ് വസ്തുങ്ങളുടെ വ്യാപാരം | കൈത്തൊഴിൽ ഷെഡ് |
| 53 | 3/222 | അനിത എം.എസ്, പള്ളിക്കുന്നേൽ | തയ്യൽക്കട | കൈത്തൊഴിൽ ഷെഡ് |
| 106 | 13/137 B | സിബി പി.കെ, പഴയപറമ്പിൽ | ബേക്കറി സാധനങ്ങളുടെ നിർമ്മാണം, വില്പന | കൈത്തറി ഷെഡ് |
| 123 | 1/215 | ജോസഫ് ഫ്രാൻസിസ്, പുളിക്കകുന്നേൽ | കറിക്കൂട്ടുകളുടെ സംഭരണം,വില്പന | ആശുപത്രികൾ |

Ii) അതുപോലെ, 2020-21 ൽ ലൈസൻസ് നൽകിയിട്ടുള്ള (ക്രമ നം.51) ശ്രീ. റെജിമോൻ പി.ആർ, പുത്തൂർ എന്നയാളുടെ പുത്തൂർ എഞ്ചിനിയറിംഗ് വർക്ക്സ് എന്ന സ്ഥാപനം പ്രവർത്തിയ്ക്കുന്നത് കൈത്തറി/ കരകൗശല നിർമ്മാണ ഷെഡ് എന്ന വിനിയോഗ ഗണത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 2/24, 2/25 നമ്പർ കെട്ടിടങ്ങളിലാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14 തീയതി 29.09.2021) നൽകിയതിനെ തുടർന്ന് മേഖല, റോഡ് എന്നിവയുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിച്ചിട്ടുണ്ട്. ക്രമ നം.3 പ്രകാരം ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിയ്ക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. താരതമ്യേന അടിസ്ഥാന നിരക്ക് കുറഞ്ഞ പാർപ്പിടം, ആശുപത്രികൾ, കൈത്തറി/കയർപിരി/കോഴി വളർത്തൽഷെഡ് എന്നീ ഉപയോഗക്രമങ്ങളിൽ പെട്ട കെട്ടിടങ്ങളിൽ വാണിജ്യ /വ്യവസായ/ഇതര സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ടെങ്കിൽ അവയുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. നിലവിൽ, റോഡ് മാസ്റ്ററിൽ റോഡുകളുടെ കൃത്യമായ വിവരങ്ങൾ സെറ്റ് ചെയ്തിട്ടില്ല എന്നാണ് കാണുന്നത്. ഫീൽഡ് പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ യുക്തിക്കനുസരിച്ചാണ് റോഡുകളുടെയും മേഖലകളുടെയും വിവരങ്ങൾ നൽകുന്നതും ഫാറം 6 തയ്യാറാക്കപ്പെടുന്നതും. മേഖല, റോഡ് എന്നിവയുടെ തരം തിരിവിൽ വ്യക്തവും വസ്തുനിഷ്ഠവുമായ രൂപരേഖ തയ്യാറാക്കേണ്ടതും വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

1-13 ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല-ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മെട്രോവുഡ് ഫാക്ടറി, റബ്ബർ ബോർഡ് ഓഫീസ്, ഡ്രീംസ് സ്പോർട്സ്,

നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ്, എൽ &റ്റി ഫിനാൻഷ്യൽ സർവ്വീസസ് തുടങ്ങിയ സ്ഥാപനങ്ങളെ തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തുകയോ അവയിൽ നിന്നും 2019-20 സാമ്പത്തികവർഷം ജീവനക്കാരുടെ/ സ്ഥാപനതൊഴിൽനികുതി ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. IHRD എഞ്ചിനിയറിംഗ് കോളേജിൽ നിന്നും രണ്ടാം അർദ്ധവർഷത്തിൽ 57800/- രൂപ തൊഴിൽനികുതിയിനത്തിൽ വരവുള്ളപ്പോൾ ആദ്യ അർദ്ധവർഷത്തിൽ 38700/-രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആദ്യ അർദ്ധവർഷത്തിൽ ടി സ്ഥാപനത്തിലെ ഗസ്റ്റ് അദ്ധ്യാപകരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. അതുപോലെ, വില്ലേജ് ഓഫീസ് ജീവനക്കാരുടെ ആദ്യ അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖപ്പെടുത്തലില്ല.

മേൽപ്പറഞ്ഞത് കൂടാതെ വിവിധ അക്ഷയകേന്ദ്രങ്ങൾ, കള്ള് ഷാപ്പുകൾ, ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ എന്നിവയേയും എല്ലാ റേഷൻകടകളെയും റബ്ബറുല്പാദക സഹകരണ സംഘങ്ങളെയും തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. വ്യാപാര/വാണിജ്യ സ്ഥാപനങ്ങളുടെ കാര്യത്തിൽ ലൈസൻസിനായി എത്തുന്നവരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങൾ/ വ്യാപാരികൾ, ഉദ്യോഗസ്ഥർ,കരാറുകാർ,പ്രൊഫഷണലുകൾ ഉൾപ്പെടുത്തിയുള്ള തൊഴിൽനികുതി (സ്ഥാപനങ്ങൾ/വ്യാപാരികൾ/ വ്യക്തികൾ) രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തൊഴിൽ നികുതിയിനത്തിലുള്ള യഥാർത്ഥ ഡിമാന്റ് കണക്കാക്കാൻ സാധിക്കുന്നില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റന്വേഷണക്കുറിപ്പിന് (നം. 9തീയതി 28.9.2021) അപാകതകൾ പരിഹരിയ്ക്കുന്നതിന് തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കലുമായി ബന്ധപ്പെട്ട പരിശോധനയിൽ, പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിയ്ക്കുന്നതിന് സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രജി. ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | നിലവിലെ ഉപയോഗ ക്രമം |
|---|---|---|---|
| 20 | 1/605 | ലിസിറ്റ് മാത്യു, പുളിയ്ക്കകുന്നേൽ | ചക്ക ഉല്പന്നങ്ങൾ,പഴം, പച്ചക്കറി സംസ്കരണം |
| 91 | 4/288 | സജി സ്കറിയ, പാലക്കീൽ | റബ്ബർ ബാന്റ് നിർമ്മാണം |
| 111 | 3/323 | ആൻസി ഷാജി, പുത്തൻപറമ്പിൽ | സ്റ്റേഷനറി & കൂൾബാർ |
| 147 | 7/212 | പ്രഭാകരൻ,കുറ്റിപ്ലാക്കൽ | പച്ചക്കറി വ്യാപാരം |
| 153 | 13/340 | സുമീഷ് എൻ.എസ്, നികരത്തിൽ | ബേക്കറി ഉല്പന്നങ്ങളുടെ നിർമ്മാണം |
| 183 | 1/71 | രാജൻ റ്റി.ബി, തെരുവത്തിൽ | കോൾഡ് സ്റ്റോറേജ് |
| 184 | 2/136 | അനന്തു പി.ജെ , പേരുശ്ശേരിൽ | പലചരക്ക് വ്യാപാരം |
| 195 | 13/402 V | തോംസൺ ടോം,കോക്കാട്ട് | റബ്ബർ ട്രേഡിംഗ് ഓഫീസ് |

കൂടാതെ, ലൈസൻസ് നൽകിയിട്ടുള്ള ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ 'സഞ്ചയ'യിൽ പരിശോധിച്ചപ്പോൾ 'Building Not Found" എന്നാണ് കാണപ്പെടുന്നത്.

| രജി. ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | റിമാർക്സ് |
|---|---|---|---|
| 8 | 1/204 C | ജിജി | അപേക്ഷ ലഭ്യമല്ല |

| | | | |
|---|---|---|---|
| | | മൈക്കിൾ,കള്ളികാട്ട് | |
| 10 | 1/90 E | തുളസി കെ.എ. കൊല്ലംതറയിൽ | അപേക്ഷ ലഭ്യമല്ല; ലൈസൻസ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. |
| 84 | 7/363(A1) | മാത്യു ജോസഫ്, ഐക്കരകുന്നേൽ | വാടക കരാറിൽ 7/363(A1)എന്നും ക്ലാർക്കിന്റെ കുറിപ്പിൽ 9/168 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |

2018-19ൽ 217സ്ഥാപനങ്ങൾ ലൈസൻസോടെ പ്രവർത്തിച്ചിരുന്നവെങ്കിൽ തൻവർഷം അവയുടെ എണ്ണം195 ആയി കുറയുകയാണുണ്ടായത്. ഗ്രാമ പഞ്ചായത്തിൽ വാണിജ്യ/വ്യവസായ/അനുബന്ധ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവുമായി (900ൽ പരം) താരതമ്യം ചെയ്യുമ്പോൾ വളരെ കുറച്ച് സ്ഥാപനങ്ങളെ മാത്രമേ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടുള്ളു എന്ന് കാണുന്നു.

ട്രേഡേഴ്സ് ലിസ്ററ് അപൂർണ്ണമാണ്. ആകെ 201 സ്ഥാപനങ്ങൾ മാത്രമാണ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത് . ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങളെ പോലും പൂർണ്ണമായി ഉൾപ്പെടുത്താത്ത ലിസ്റ്റാണ് ട്രേഡേഴ്സ് ലിസ്ററായി ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത് . രജിസ്റ്ററിലെ ആദ്യ 20 സ്ഥാപനങ്ങളിൽ തന്നെ 7 സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്ററിൽ ഉൾപ്പെട്ടിട്ടില്ല . മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ട്രേഡേഴ്സ് ലിസ്ററ് സംബന്ധിച്ച പരാമർശമുണ്ടായിരുന്നവെങ്കിലും അപാകതകൾ പരിഹരിയ്ക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

മാനേജിംഗ് ഡയറക്ടർ, മീനച്ചിൽ റബ്ബർ വുഡ്സ് എന്ന സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 3.48 കോടി രൂപയാണെന്ന് കാണുന്നു. ഉല്പാദന മേഖലയിൽ മൂലധന നിക്ഷേപം 1 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കുറവുമുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസായി 5000/-രൂപയാണ് ഈടാക്കേണ്ടിയിരുന്നത് എങ്കിലും 1000/- രൂപ മാത്രമാണ് ഈടാക്കിയാതായി കാണുന്നത്.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിയ്ക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം. 3 തീയതി 25.09.2021) മറുപടി ലഭിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വാടക പുനർനിർണ്ണയം-വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശിക എന്നിവ സംബന്ധിച്ച്

(1) ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന വില്ലേജ് ഓഫീസ് കെട്ടിടത്തിന് വാടക ഈടാക്കുന്നത് സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിരുന്നതാണ്. പൂഞ്ഞാർ തെക്കേക്കര വില്ലേജ് ഓഫീസിന്റെ വാടക അടവാക്കാത്ത് സംബന്ധിച്ച് 14/03/2019 തീയതിയിൽ കത്ത് നൽകിയിട്ടുള്ളതും ആയതിന് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലാത്തതുമാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം. 10 തീയതി 28.9.2021) മറുപടി ലഭിച്ചിട്ടുണ്ട്. പ്രതിമാസം ₹ 1162/- (പഴയ നിരക്ക്) പ്രകാരം രണ്ടു മുറികളുടെ വാടകയിനത്തിൽ 31.12.2018 വരെ പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം ₹ 111552/- യാണ് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ നിജപ്പെടുത്തിയിട്ടുള്ളത്. അതേ നിരക്കിൽ കണക്കാക്കിയാലും 31.3.2021 വരെ വീണ്ടും 62748/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. 14.3.2019 ൽ കത്ത് നൽകിയതിന് ശേഷം യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

(2) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികളുടെ വാടക എഗ്രിമെന്റ് കാലാവധി 31.03.2021 ന് അവസാനിയ്ക്കുന്ന സാഹചര്യത്തിൽ ആയത് പുതുക്കുന്നതിനുള്ള തുടർനടപടി സ്വീകരിയ്ക്കുന്നതിനുള്ള അംഗീകാരത്തിനായി സമർപ്പിച്ചത് 26.02.2021 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും 3(1) തീരുമാന പ്രകാരം" പഞ്ചായത്ത് കെട്ടിട മുറികളുടെ നിലവിലുള്ള വാടക കുറവാണെന്നും ഏകീകൃത നിരക്കിൽ വാടക പുനർനിർണ്ണയിക്കേണ്ടതാണെന്നും ബൈലോയിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതുണ്ടെന്നും യോഗം വിലയിരുത്തി"

പഞ്ചായത്ത് കെട്ടിട മുറികളുടെ നിലവിലുള്ള വാടക ഏകീകൃത നിരക്കിൽ പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ചും ബൈലോയിൽ ആവശ്യമായ ഭേദഗതി വരുത്തുന്നത് സംബന്ധിച്ചും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് ബഹു.ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 നികുതി വിഹിതങ്ങൾ ഒടുക്കിയിട്ടില്ല

പ്രോജക്ട് നം. 224/20 ( ആയുർവ്വേദ ഡിസ്പെൻസറിക്ക് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ )

അടങ്കൽ- 250000 രൂപ ( ആയുർവ്വേദ വകുപ്പിൽ നിന്നുള്ള ഫണ്ട് )

ചെലവ്- 249920 രൂപ ( ചെക്ക് നം. 16379/ 5.2.2020- 240996 രൂപ + ചെക്ക് നം. 16834/6.2.2020- 8924രൂപ )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

പ്രസ്തുത പ്രവൃത്തിയുടെ ആകെ വേലമൂല്യം 249920 രൂപയാണ്. ഇതിൽ നിന്നും കരാറുകാരനുള്ള 240996 രൂപ ചെക്ക് നം. 16379/ 5.2.2020 പ്രകാരം നൽകി. റിക്കറികൾ (ആദായനികുതി- 2231 രൂപ, ക്ഷേമനിധി- 2231 രൂപ, ജി.എസ്.റ്റി- 4462 രൂപ ) ഒടുക്കുന്നതിനായി 8924രൂപ ചെക്ക് നം. 16834/6.2.2020 പ്രകാരം അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ നൽകിയിരുന്നു. എന്നാൽ ടി ചെക്ക് മാറി റിക്കറികൾ ഒടുക്കിയിരുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ചെക്ക് റീവാലിഡേറ്റ് ചെയ്ത് നികുതി വിഹിതങ്ങൾ ഒടുക്കി വിവരം അറിയിക്കുന്നതാണ് എന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു. നികുതി വിഹിതങ്ങൾ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 8924 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 ഇടമല എസ്. റ്റി. സാംസ്കാരിക നിലയം മെയിന്റനൻസ്- പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം. 200/20 ( 212/19 )

അടങ്കൽ- 200000 രൂപ ( മെയിന്റനൻസ് ഫണ്ട് റോഡിതരം )

ചെലവ്- 198680 രൂപ ( ബിൽ നം. 86/ 19-20/1.2.2020 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

ഗ്രാമ പഞ്ചായത്തിന്റെ ഇടമല വാർഡിൽ (വാർഡ് 7) നിലവിലുള്ള എസ്. റ്റി. സാംസ്കാരിക നിലയത്തിനോട് ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ഒരു ഹാൾ നിർമ്മിക്കുന്നതിനായി കോൺക്രീറ്റ് തൂണുകൾ നിർമ്മിക്കുകയും അതിന് മുകളിൽ സെല്ലാർ ഭാഗം റൂഫ് കോൺക്രീറ്റും ചെയ്തിരുന്നു. ഇതിന്റെ പൂർത്തീകരണത്തിനായിട്ടാണ് മേൽ പ്രോജക്ട് ഏറ്റെടുത്തത്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം സിമിന്റ് കട്ട ഉപയോഗിച്ചുള്ള ഭിത്തി നിർമ്മാണം, 2 ജനലുകൾ, അവയുടെ ഗ്രില്ല്, ഭിത്തി പ്ലാസ്റ്ററിംഗ്, ഒന്നാം നില റൂഫ് കോൺക്രീറ്റിംഗ് എന്നീ ഇനം പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. വാതിൽ പിടിപ്പിക്കൽ, ഫ്ലോറിംഗ്, പ്ലംബിംഗ്, വൈദ്യുതീകരണം, പെയിന്റിംഗ് തുടങ്ങിയ പ്രവൃത്തികളൊന്നും ചെയ്തിട്ടില്ല. 13-ാം പദ്ധതി മാർഗ്ഗരേഖ (GO(MS) 11/2018/LSGD/29.01.18) ഖണ്ഡിക 3.5.1 (A) പ്രകാരം പദ്ധതികൾ തയ്യാറാക്കുമ്പോൾ കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധ സൗകര്യങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തിവേണം പദ്ധതി തയ്യാറാക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ മറ്റുള്ള പ്രവൃത്തികൾ വരും വർഷങ്ങളിൽ പ്രോജക്ട് വെച്ച് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു. സാംസ്കാരിക നിലയം മെയിന്റനൻസ് പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 198680 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ കാലിബാരലിന്റെ വില സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പായ്ക്കഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ ഗ്രാമ പഞ്ചായത്തിൽ ഏൽപ്പിക്കുകയോ ചെയ്തിരുന്നില്ല.

കാലി ബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്.

| ക്രമ നം | പ്രോജക്ട് നം./പേര് | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 1 | 47/20<br>മാവടി പന്തപ്പടി റോഡ് കോൺക്രീറ്റിംഗ്/റീ ടാറിംഗ് | 5 | വില 1190/-<br>ജി.എസ്.ടി 18%- 214/- |

| | | | |
|---|---|---|---|
| | കരാറുകാരൻ- ബിനു ജോർജ്, മണ്ഡപത്തിൽ, പൂഞ്ഞാർ തെക്കേക്കര. | | |
| 2 | 159/20<br>ഉറവപ്ലാവ് റോഡ് റീ ടാറിംഗ് (വാർഡ് 3 )<br>കരാറുകാരൻ- ബിനു ജോർജ്, മണ്ഡപത്തിൽ, പൂഞ്ഞാർ തെക്കേക്കര | 13 | വില 3094/-<br>ജി.എസ്.ടി 18% -557/- |
| 3 | 172/20<br>പള്ളികുന്നേൽ അമ്പലം റോഡ് റീ ടാറിംഗ്<br>കരാറുകാരൻ- ബിനു ജോർജ്, മണ്ഡപത്തിൽ, പൂഞ്ഞാർ തെക്കേക്കര. | 11 | വില 2618/-<br>ജി.എസ്.ടി 18%- 471/- |
| 4 | 193/20<br>അച്ച്യുതാനന്ദൻ റോഡ് റീ ടാറിംഗ്<br>കരാറുകാരൻ- ബിനു ജോർജ്, മണ്ഡപത്തിൽ, പൂഞ്ഞാർ തെക്കേക്കര | 9 | വില 2142/-<br>ജി.എസ്.ടി 18% -386/- |
| | ആകെ | | വില-9044 + ജി.എസ്.റ്റി- 1628 |

ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കിയതിൽ രസീത് നം. 1063032/29.9.2021 പ്രകാരം 3089 രൂപയും രസീത് നം. 1063033/29.9.2021 പ്രകാരം 2528 രൂപയും രസീത് നം. 1063034/29.9.2021 പ്രകാരം 1404 രൂപയും രസീത് നം. 106303/29.9.2021 പ്രകാരം 3651 രൂപയും ഉൾപ്പടെ ആകെ 10672 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. 10672 രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തികൾ-കരാറുകൾ മത്സരാധിഷ്ഠിതമല്ല

2019-20 വർഷം അസിസ്റ്റന്റ് എഞ്ചിനിയർ ടെണ്ടർ ക്ഷണിച്ച നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ 'ടെണ്ടർ രജിസ്ററർ പ്രകാരം 64 പ്രോജക്ടുകൾക്ക് ടെണ്ടർ ക്ഷണിച്ചു. 6 പ്രവർത്തികളിലൊഴികെ 58 എണ്ണത്തിനും കരാർ സമർപ്പിച്ചത് ബിനു ജോർജ്, ജോമിമാത്യു എന്നീ രണ്ട് കരാറുകാർ മാത്രമാണ് ഭൂരിഭാഗം ടെണ്ടറുകളും എസ്റ്റിമേറ്റ് നിരക്കിലോ 0.01% ബിലോ നിരക്കിലോ ക്വോട്ട് ചെയ്യുന്നത്. പ്രവൃത്തികളുടെ ഗുണനിലവാരവും സാമ്പത്തികലാഭവും ഉറപ്പാക്കുന്നതിന് കൂടുതൽ ടെണ്ടറുകൾ ലഭിക്കുന്നതാണ് ഉത്തമം എന്നതിനാൽ കൂടുതൽ ടെണ്ടറുകൾ ലഭിക്കുന്നതിനാവശ്യമായ വ്യാപക പരസ്യം നൽകുന്നതു പോലുള്ള നടപടികൾ ഇ-ടെണ്ടർ നടപടികൾ എന്നിവ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

## 1-20 കക്കൂസ് മെയിന്റനൻസ് -അപാകതകൾ

പ്രോജക്ട് നം. 180/20

അടങ്കൽ- 896280 രൂപ (489298-ശുചിത്വമിഷൻ ഫണ്ട് + 406982- തനത് ഫണ്ട് )

ചെലവ്- 896280 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമ പഞ്ചായത്തിന്റെ 2019-2020 വാർഷിക പദ്ധതിയുടെ ഭാഗമായി വി.ഇ.ഒ നടപ്പാക്കിയതാണ് മേൽ പദ്ധതി. ഒറ്റക്കുഴി കക്കൂസുകൾ ഇരട്ടക്കുഴിയാക്കി നിർമ്മിച്ച് സുരക്ഷിത കക്കൂസുകളാക്കുകയാണ് പ്രോജക്റ്റിൽ ലക്ഷ്യമിട്ടിരുന്നത്. ഓഡിറ്റ് വർഷം 97 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ചെക്ക് നം/ തീയതി | തുക | ഗുണഭോക്താക്കളുടെ എണ്ണം | ശുചിത്വമിഷൻ ഫണ്ട് | തനത് ഫണ്ട് |
|---|---|---|---|---|
| 14885/22.8.19 | 175560 | 19 | 95000 | 80560 |
| 14934/10.10.19 | 267960 | 29 | 145000 | 122960 |
| 14967/5.11.19 | 147840 | 16 | 80000 | 67840 |
| 15286/26.11.19 | 92400 | 10 | 50000 | 42400 |
| 15318/23.12.19 | 46200 | 5 | 25000 | 21200 |
| 16441/13.3.2020 | 92400 | 10 | 50000 | 42400 |
| 11931/30.3.2020 | 73920 | 8 | 66338 | 7582 |
| ആകെ | 896280 | 97 | 511338 | 384942 |

ഫയൽ പരിശോധിച്ചതിൽ ഒന്നിലും നിർവ്വഹണോദ്യോഗസ്ഥന്റെ പൂർത്തീകരണസാക്ഷ്യപത്രം മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണസാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ തയ്യാറാക്കാതെ ധനസഹായം അനുവദിച്ചത് ക്രമപ്രകാരമല്ല. കൂടാതെ ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ വിവരവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പദ്ധതി നിർവ്വഹണത്തിൽ വന്ന പോരായ്മകൾ മനപ്പൂർവ്വവല്ലെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 896280 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 പുതിയ തുറന്ന കിണർ നിർമ്മാണം( ജനറൽ )- മൂല്യനിർണ്ണയം നടത്താതെ തുക അനുവദിച്ചു.

പ്രോജക്റ്റ് നം. 112/20

അടങ്കൽ- 150000 രൂപ ( വികസന ഫണ്ട് പൊതുവിഭാഗം )

ചെലവ്- 15000 രൂപ ( ബിൽ നം. 23/19-20/ 10.3.2020 )

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ വി.ഇ.ഒ. നടപ്പാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം ശ്രീ ലിബിൻ റ്റി തോമസ്, തടിക്കപ്പറമ്പിൽ, പൂഞ്ഞാർ തെക്കേക്കര എന്ന ഗുണഭോക്താവിന് 15000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാൻ നിർമ്മിച്ച കിണറിന്റെ മൂല്യനിർണയസാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരിൽ നിന്നുള്ള മൂല്യനിർണയസാക്ഷ്യപത്രം ലഭ്യമാക്കാതെ കിണർ നിർമ്മാണത്തിന് ധനസഹായം അനുവദിച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മൂല്യനിർണയസാക്ഷ്യപത്രം ലഭ്യമാക്കി അപാകത പരിഹരിക്കുന്നത് വരെ 15000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 വയോജനങ്ങൾക്ക് കട്ടിൽ വിതരണം- പ്രോജക്റ്റ്

2019-20 സാമ്പത്തിക വർഷം ഐ.സി.ഡി.എസ്, സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ പ്രകാരം ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ, വിഭാഗക്കാരായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്റ്റുകൾ 2018-19 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ പ്രോജക്റ്റുകളാണ്. പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ, പേര് | ചെലവ് തുക | ഫണ്ടിനം | ബിൽ നമ്പർ തീയതി |
|---|---|---|---|
| 171/20പട്ടികജാതി വിഭാഗക്കാരായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം | 300000/ | എസ്.സി.പി | 2/19-20/ 01.05.19 |

| | | | |
|---|---|---|---|
| 170/20 പട്ടിക വർഗ്ഗ വിഭാഗക്കാരായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം | 176250/ | ടി.എസ്.പി | 3/19-20/01.05.19 |
| 169/20 വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ) | 15000/ | വികസനഫണ്ട് | 1/19-20/01.05.19 |

പ്രോജക്ടിനായി 2018-19 സാമ്പത്തിക വർഷം ടെൻണ്ടർ ക്ഷണിച്ചത് പ്രകാരം 8 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചു. ലഭിച്ച ക്വട്ടേഷനുകളുടെ ടാബുലേഷൻ ഷീറ്റ് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥ പഞ്ചായത്ത് കമ്മറ്റിക്ക് സമർപ്പിച്ചു. 05.11.2018ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(8) നമ്പർ തീരുമാനപ്രകാരം നിരക്ക് കുറവുള്ള ഡെക്കോറാത്ത് ഫർണിച്ചർ ക്വോട്ട് ചെയ്ത മഹാഗണി തടിയിലുള്ള 2830രൂപയുടെ കട്ടിൽ , എം.എച്ച്, ഏജൻസീസ് ക്വോട്ട് ചെയ്ത 2930/രൂപയുടെ മഹാഗണി തടിയിലുള്ള കട്ടിൽ, ഹായ് ട്രേഡേഴ്സ് ക്വോട്ട് ചെയ്ത 2987/ രൂപയുടെ മഹാഗണി തടിയിലുള്ള കട്ടിൽ, ഷാഹുൽ കെ.പി, ക്വോട്ട് ചെയ്ത 3250/രൂപയുടെ മഹാഗണി തടിയിലുള്ള കട്ടിൽ എന്നിവയുടെ സാമ്പിളുകൾ പഞ്ചായത്തിൽ ലഭ്യമാക്കി പ്രോക്യൂർമെന്റ് കമ്മറ്റി പരിശോധിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും തീരുമാനിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥ 14.01.2019ൽ പ്രൊക്യൂർമെന്റ് കമ്മറ്റി സാമ്പിളുകൾ പരിശോധിച്ചതിൽ ഡെക്കോറാത്ത് ഫർണിച്ചറിന്റെ കട്ടിൽ ഗുണമേൻമയുള്ളതാണ് എന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ അംഗീകരിക്കാവുന്നതാണ് എന്ന് പഞ്ചായത്ത് ഭരണസമിതിയെ അറിയിച്ചു. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ മൂന്ന് പ്രോജക്ടുകൾക്കുമുള്ള കട്ടിലുകൾ ഡെക്കോറാത്ത് ഫർണിച്ചറിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകി. പ്രസ്തുത പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ലഭ്യമായ 8 ക്വട്ടേഷനുകളുടെ ടാബുലേഷൻ ഷീറ്റ് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥ പഞ്ചായത്ത് കമ്മറ്റിക്ക് സമർപ്പിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തത് ഡെക്കോറാത്ത് ഫർണിച്ചർ ഈരാറ്റുപേട്ട ക്വോട്ട് ചെയ്ത 2830രൂപയുടെ മഹാഗണി തടിയിലുള്ള കട്ടിലാണ്. എന്നാൽ പ്രസ്തുത സ്ഥാപനം മൂന്ന് പ്രോജക്ടുകൾക്ക് സമർപ്പിച്ച ക്വട്ടേഷനിലും 2830രൂപയുടെ മഹാഗണി തടിയിലുള്ള കട്ടിൽ എന്ന വില ക്വോട്ട് ചെയ്തിട്ടില്ല. ക്വട്ടേഷനിൽ ക്വോട്ട് ചെയ്യാത്ത നിരക്ക് ഏറ്റവും കുറഞ്ഞ നിരക്കായി ടാബുലേഷൻ ഷീറ്റിൽ ഉൾപ്പെടുത്തി.

2) 05.11.2018ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(8) നമ്പർ തീരുമാനം ഡെക്കോറാത്ത് ഫർണിച്ചർ ഈരാറ്റുപേട്ട ക്വോട്ട് ചെയ്ത 2830രൂപയുടെ മഹാഗണി തടിയിലുള്ള കട്ടിലിന്റെ സാമ്പിൾ പരിശോധിച്ച് ഗുണ നിലവാരം പരിശോധിക്കുന്നതിനാണ്. അതോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥ 14.01.2019ൽ പ്രൊക്യൂർമെന്റ് കമ്മറ്റി സാമ്പിളുകൾ പരിശോധിച്ചതിൽ ഡെക്കോറാത്ത് ഫർണിച്ചറിന്റെ കട്ടിൽ ഗുണമേൻമയുള്ളതാണ് എന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ അംഗീകരിക്കാവുന്നതാണ് എന്നറിയിച്ച കത്തിലും കട്ടിലിന്റെ വിലസംബന്ധിച്ച് എന്തെങ്കിലും മാറ്റം ഉള്ളതായി പറയുന്നില്ല. എന്നാൽ കട്ടിലുകൾ വാങ്ങൽ നടത്തി വില അനുവദിച്ചപ്പോൾ കട്ടിൽ ഒന്നിന് 3750/രൂപ വീതം നൽകിയിട്ടുണ്ട്. വിലയിലുണ്ടായ വ്യത്യാസം സംബന്ധിച്ച് ഫയലിൽവിശദീകരണം ലഭ്യമല്ല.

3) സ്ഥാപനം കട്ടിലിന് അഞ്ച് വർഷംഗ്യാരന്റി ഓഫർ ചെയ്തിരുന്നു. ഗുണഭോക്താക്കൾക്ക് പ്രസ്തുത ഗ്യാരന്റിയുടെ പ്രയോജനം ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

5) 3750/രൂപയുടെ കട്ടിലുകൾ വാങ്ങുന്നതിന് തീരുമാനിച്ചപ്പോൾ അതിലും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5/19-20 ന് ലഭ്യമാക്കിയ മറുപടിയിൽ ലഭ്യമായ എട്ട് ടെൻഡറുകളും കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് സഹിതം പ്രോക്യൂർമെന്റ് കമ്മറ്റി തീരുമാനത്തിനായി സമർപ്പിക്കുകയും പ്രോക്യൂർമെന്റ് കമ്മറ്റി തീരുമാനപ്രകാരമാണ് 4730/രൂപയുടെ കട്ടിൽ 3750/ രൂപക്ക് വാങ്ങിയത് എന്നും, രണ്ട് പഞ്ചായത്തിലെ ചുമതലയുണ്ടായിരുന്നതിനാൽ സമയക്കുറവ് മൂലമാണ് കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ തെറ്റായി 2830/രൂപാ എന്ന് കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റിൽ ചേർത്തത് എന്നുമാണ്.

ഫയലിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 05.11.2018ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(8) നമ്പർ തീരുമാനപ്രകാരം നിരക്ക് കുറവുള്ള ഡെക്കോറാത്ത് ഫർണിച്ചർ ക്വോട്ട് ചെയ്ത മഹാഗണി തടിയിലുള്ള 2830രൂപയുടെ കട്ടിൽ , എം.എച്ച്, ഏജൻസീസ് ക്വോട്ട് ചെയ്ത 2930/രൂപയുടെ മഹാഗണി തടിയിലുള്ള കട്ടിൽ, ഹായ് ട്രേഡേഴ്സ് ക്വോട്ട് ചെയ്ത 2987/ രൂപയുടെ മഹാഗണി തടിയിലുള്ള കട്ടിൽ, ഷാഹുൽ കെ.പി, ക്വോട്ട് ചെയ്ത 3250/രൂപയുടെ മഹാഗണി തടിയിലുള്ള കട്ടിൽ എന്നിവയുടെ സാമ്പിളുകൾ പഞ്ചായത്തിൽ ലഭ്യമാക്കി പ്രോക്യൂർമെന്റ് കമ്മറ്റി പരിശോധിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും തീരുമാനിച്ചു. 14.01.2019ൽ പ്രൊക്യൂർമെന്റ് കമ്മറ്റി സാമ്പിളുകൾ പരിശോധിച്ചതിൽ ഡെക്കോറാത്ത് ഫർണിച്ചറിന്റെ കട്ടിൽ ഗുണമേൻമയുള്ളതാണ് എന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ

അംഗീകരിക്കാവുന്നതാണ് എന്ന് പഞ്ചായത്ത് ഭരണസമിതിയെ നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. പ്രസ്തുത കത്തിൽ വില ചേർത്തിട്ടില്ല. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിലാണ് 21.12.2018 ലെ 1(7)നമ്പർ തീരുമാനപ്രകാരം മൂന്ന് പ്രോജക്ടുകൾക്കും ഡെക്കോറാത്ത് ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകിയത്.പ്രസ്തുത തീരുമാനത്തിലും കട്ടിലിന്റെ വില ചേർത്തിട്ടില്ല. പിന്നീടാണ് വിലയിൽ 2830 രൂപ എന്നത് 3750/ രൂപ എന്ന് വ്യത്യാസം കാണപ്പെട്ടത്. നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമായ എട്ട് ടെൻഡറുകളുടേയും ടാബുലേഷൻ ഷീറ്റ് തയ്യാറാക്കി സമർപ്പിച്ചപ്പോൾ പ്രൊക്യർമെന്റ് കമ്മറ്റിയോ, ഭരണസമിതിയോ ടെൻഡറുമായി ഒത്തുനോക്കി കൃത്യത ഉറപ്പാക്കിയില്ല. ടെൻഡറിൽ സ്ഥാപനം ക്വോട്ട് ചെയ്യാത്ത വില ടാബുലേഷൻ ഷീറ്റിൽ എഴുതിച്ചേർത്ത് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തസ്ഥാപനം എന്നപരിഗണനനൽകി പ്രസ്തുത സ്ഥാപനത്തിന്റെ സാമ്പിൾ പരിശോധിച്ച് റിപ്പോർട്ട് കമ്മറ്റിക്ക് സമർപ്പിച്ച് പഞ്ചായത്ത് ഭരണസമിതിയുടെ 21.12.2018 ലെ 1(7)നമ്പർ തീരുമാനപ്രകാരം മൂന്ന് പ്രോജക്ടുകൾക്കും ഡെക്കോറാത്ത് ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് അംഗീകാരവുംനേടി. ആയതിന് ശേഷം ഉയർന്ന നിരക്ക് അനുവദിക്കുകയാണുണ്ടായത്. സ്ഥാപനത്തിന് തുക കൈമാറിയത് 01.05.19 ലാണ്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പഞ്ചായത്ത് കമ്മറ്റി തീരുമാനം 01.06.2020 ലെ1(3) നമ്പർ തീരുമാനത്തിലാണ് ഡെക്കോറാത്ത് ഫർണിച്ചർ എന്ന സ്ഥാപനം ക്വോട്ട് ചെയ്ത 4230/ രൂപ വിലയുള്ള കട്ടിലിനാണ് ഗുണനിലവാരം ഉള്ളത് എന്ന് വിലയിരുത്തി വാങ്ങാൻ തീരുമാനിച്ചത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 01.05.19 ൽ വാങ്ങൽ പ്രക്രിയ പൂർത്തീകരിച്ച് പണം നൽകിയതിന് ശേഷമാണ് പ്രസ്തുത തീരുമാനം എടുത്തിട്ടുള്ളത്.2018-19 വർഷത്തെ ഓഡിറ്റിൽ പ്രസ്തുത പ്രോജക്ട് പരിശോധിച്ച് അപാകതകൾ (ഖണ്ഡിക നമ്പർ1-24) കണ്ടതിനാൽ ഓഡിറ്റ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ കത്ത് പരിഗണിച്ച് കമ്മറ്റി എടുത്ത തീരുമാനമാണ് ഉള്ളടക്കം ചെയ്തിട്ടുള്ളത്. ഒരു വാങ്ങൽ പ്രക്രിയയിലെ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് വാങ്ങൽ നടത്തി പണം അനുവദിച്ചതിനുശേഷം ഇപ്രകാരം എടുക്കുന്ന തീരുമാനത്തിന്റെ സാധുത പരിശോധിക്കപ്പെടേണ്ടതാണ്. മാത്രമല്ല 05.11.2018ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(8) നമ്പർ തീരുമാനപ്രകാരം ഡെക്കോറാത്ത് ഫർണിച്ചർ ക്വോട്ട് ചെയ്ത മഹാഗണി തടിയിലുള്ള 2830രൂപയുടെ കട്ടിലിന്റെ സാമ്പിൾ പരിശോധിക്കണം എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം മേൽ വാങ്ങൽ പ്രക്രിയയിലെ ടെൻഡറുകളുടെ ടാബുലേഷൻമുതൽ വിവിധ കമ്മറ്റി തീരുമാനങ്ങൾവരെ വൈരുദ്ധ്യം നിറഞ്ഞതാണ്. ആയതിനാൽ പ്രസ്തുത വാങ്ങൽ പ്രക്രിയ സംബന്ധിച്ച് വിശദമായ അന്വേഷണം ഭരണ സമിതി തലത്തിൽ നടത്തി വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ ചെലവഴിച്ച 491250/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-23 പ്രത്യേക കന്നുകുട്ടി പരിപാലനം പ്രോജക്ട് സംബന്ധിച്ച്</u>

വെറ്ററിനറി സർജൻ 2019-20 സാമ്പത്തിക വർഷം നടപ്പാക്കിയ പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 375000/ രൂപ ബിൽ നമ്പർ 3/19-20/ 3.9.19 പ്രകാരം പിൻവലിച്ച് അസിസ്റ്റന്റ്ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രം, കോട്ടയം പേർക്ക് നൽകിയിട്ടുണ്ട്. കാലിത്തീറ്റ വിതരണത്തിന് തെരഞ്ഞെടുത്തിരുന്ന പൂഞ്ഞാർ ക്ഷീര വ്യവസായ സഹകരണ സംഘത്തിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന് ഗുണഭോക്താക്കൾ പ്രോജക്ട് പൂർത്തീകരിക്കാതെ കാലിത്തീറ്റ വാങ്ങൽ അവസാനിപ്പിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരങ്ങൾ | കാലിത്തീറ്റ വാങ്ങൽ അവസാനിപ്പിച്ച തീയതി | ആകെ കൈപ്പറ്റിയ സബ്സിഡി തുക |
|---|---|---|---|
| 1 | ജീന.പി.എം, അമ്പഴത്തിനാൽചാലിൽ | 13.7.20 | 3100 |
| 2 | ലീനജോയി, ഇടയോടിയിൽ | 16.10.20 | 4450 |
| 3 | ത്രേസ്യാമ്മതോമസ്, പുത്തൻപുരക്കൽ | 13.7.20 | 3775 |

മേൽ പ്രസ്താവിച്ച ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങൽ അവസാനിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കിടാരികൾ മരണപ്പെട്ടതാണ് എങ്കിൽ ഗുണഭോക്താവിന് ഇൻഷ്വറൻസ് ആനുകൂല്യം ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ6/19-20 ന് ലഭ്യമാക്കിയ മറുപടിയിൽ മൂന്ന് ഗുണഭോക്താക്കൾ പ്രോജക്ട് പൂർത്തീകരിക്കാതെ കാലിത്തീറ്റ വാങ്ങൽ അവസാനിപ്പിച്ചിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് മീനച്ചിൽ സർക്കിൾ വെറ്ററിനറി സർജന് കത്ത് നൽകിയിട്ടുണ്ട് എന്നും ആയത് ലഭിക്കുന്നമുറക്ക് അറിയിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്

<u>1-24 പശുത്തൊഴുത്ത് നവീകരണം പ്രോജക്ട് - മൂല്യനിർണ്ണയം നടത്താതെ തുക അനുവദിച്ചു</u>

വെറ്ററിനറി സർജൻ 2019-20 സാമ്പത്തിക വർഷം നടപ്പാക്കിയ പശുത്തൊഴുത്ത് നവീകരണം ( നമ്പർ 161/20)എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 125000/ രൂപചെലവഴിച്ച് 5ഗുണഭോക്താക്കൾക്ക് 25000/രൂപ വിതം നൽകിയിട്ടുണ്ട്. ബിൽ നമ്പർ 2/19-20/ 8.5.19 പ്രകാരം പിൻവലിച്ച 100000/രൂപയിൽ നിന്നും സബ്സിഡി ലഭിച്ച ഇന്ദിര രാഘവൻ എന്ന ഗുണഭോക്താവ് നിർമ്മിച്ച പശുത്തൊഴുത്തിന്റെ മൂല്യനിർണ്ണയം നടത്താതെയാണ് സബ്സിഡി അനുവദിച്ചത്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/19-20 ന് ലഭ്യമാക്കിയ മറുപടിയിൽ മൂല്യമിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 25000/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>1-25 പ്രോജക്ട് നമ്പർ 247/ 20 കുന്നോന്നി സാംസ്കാരികനിലയത്തിന് കുഴൽകിണർ നിർമ്മാണം പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല</u>

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടിനായി ബിൽ നമ്പർ 8/19-20/ 22.02.20 പ്രകാരം എസ്. സി.പി. ഫണ്ടിൽ നിന്നും 47915/ രൂപ പിൻവലിച്ച് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഒടുക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള എസ്റ്റിമേറ്റ് കുഴൽ കിണർ നിർമ്മിക്കുന്നതിന് മാത്രമുള്ളതാണ്. കുഴൽ കിണറിൽ മോട്ടോർ സ്ഥാപിക്കുന്നതിനോ, ഹാന്റ് പമ്പ് പിടിപ്പിക്കുന്നതിനോ ഉള്ള തുക വകയിരുത്തിയിട്ടില്ല. കുഴൽകിണർ നിർമ്മിച്ച് ഉപയോഗപ്രദമാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/19-20 തീയതി 27.09.21) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ കുഴൽകിണർ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത് എന്നും, ഫണ്ടിന്റെ അപര്യാപ്തത മൂലം തുടർ പ്രവർത്തനങ്ങൾക്ക് പ്രോജക്ട് വയ്ക്കുന്നതിന് സാധിച്ചിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്.പ്രോജക്ട് രൂപീകരണ വേളയിൽ ഉണ്ടായ അപാകത മൂലം നിർമ്മാണം പൂർത്തീകരിച്ച കുഴൽ കിണർ ഉപയോഗിക്കുന്നതിന് സാധിക്കുന്നില്ല.അപാകത അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 47915/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-26 ആശ്രയ പദ്ധതി- പിൻവലിച്ച തുക ചെലവഴിച്ചിട്ടില്ല</u>

ആശ്രയ പദ്ധതിയുടെ ആവശ്യത്തിനായി 2019-20 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 3/19-20/ പ്രകാരം 19.07.19ൽ 200000/ രൂപ പിൻവലിച്ച് കുടുംബശ്രീയുടെ സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയിലെ 3750087486 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. അഗതി രഹിതകേരളം പദ്ധതി ഗുണഭോക്താക്കൾക്ക് ഭക്ഷണം, പഠനോപകരണങ്ങൾ, ചികിൽസാ സഹായം എന്നിവ യഥാസമയം നൽകുന്നതിനായാണ് പണം അനുവദിച്ചത്. എന്നാൽ 28.01.2021ൽ കുടുംബശ്രീയുടെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല എന്ന് കണ്ടു. വികസനഫണ്ട് പിൻവലിച്ച് വർഷങ്ങളോളം ചെലവഴിക്കാതെ കുടുംബശ്രീയുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയല്ല. തുക ആവശ്യമില്ലാത്തപക്ഷം അടിയന്തിരമായി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

ഇല്ല.

## <u>ഭാഗം -4</u>

<u>4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019- | 28.09.2021 | സർട്ടിഫിക്കറ്റ് ഓഡിറ്റ് |

| | | |
|---|---|---|
| 20 | | റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | | 220000 | ലൈഫ് ഭവനനിർമ്മാണം (എസ്.സി) | 220000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | | 200000 | ശാരീരിക മാനസിക വെല്ലുവിളികൾനേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | | 100000 | ലൈഫ് ഭവനനിർമ്മാണം (എസ്.സി) | 100000 | 0 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-4 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ് ഇ. ബി | പത്താം വാർഡിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (225/20) | 18/19-20/ 29.01.20 | 300000 | 300000 | 0 |
| ഭൂജല വകുപ്പ് | കന്നോന്നി സാംസ്കാരിക നിലയത്തിന് കുഴൽകിണർ നിർമ്മാണം (8/20) | 8/19-20/ 22.2.20 | 47915 | 47915 | 0 |

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (RP-32) 105882/രൂപ വരവുണ്ട്. എന്നാൽ യഥാർത്ഥത്തിൽ തൻവർഷത്തെ ലോൺ വരവ് 60000/രൂപ മാത്രമാണ്. 45882/രൂപ പലിശ ഇനത്തിലുള്ള വരവ് തെറ്റായി അക്കൗണ്ട് ചെയ്തതാണ്.2020-21 സാമ്പത്തിക വർഷം അപാകത പരിഹരിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/ തിയ്യതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി KURDFC | ജി.ഒ. (എം.എസ്) 68/2018, 18.05.2018 ജി.ഒ. (എം.എസ്) 100/2018, 30.07.2018 | 60000 | 10686894 | 762188 | - | 9984706 |

.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 64160920 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 55963662 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1683049 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 8924 | ശ്രീമതി എൻ..എൻ. ഉഷാകുമാരി, സെക്രട്ടറി |
| 1-17 | 198680 | ശ്രീമതി ചിത്ര എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | 896280 | ശ്രീമതി മേരിക്കുട്ടി ജോസഫ്, വി.ഇ.ഒ |
| 1-21 | 15000 | ശ്രീമതി മേരിക്കുട്ടി ജോസഫ്, വി.ഇ.ഒ |
| 1-22 | 491250 | ശ്രീമതി ജ്യോതി എസ്. കുമാർ, ICDS സൂപ്പർവൈസർ |
| 1-24 | 25000 | ഡോ. ബിനോയി ജോസഫ്, വെറ്റിനറി സർജൻ |
| 1-25 | 47915 | ശ്രീ. സുരേഷ് സാമുവൽ, അസിസ്റ്റന്റ് സെക്രട്ടറി |
| | 1683049 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-12, 1-13, 1-22

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(1)/28.02.18 | 13 |
| 1998-99 ചെലവ് | എൽ.എഫ്.കെ.പി4.960/അദാ G6/2011/ 25.8.11 | 7 |
| 1999-00, 2000-01, 2001-02 Plan | എൽ.എഫ്.കെ.പി7/910/03/25.01.05 | - |
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(3)/28.02.18 | 1 |
| 2003-04 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(4)/28.02.18 | 1 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(6)/28.02.18 | 2 |
| 2008-09 | എൽ.എഫ്.കെ.പി2-13/1311/13/24.10.13 | 6 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(8)/28.02.18 | 3 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(9)/28.02.18 | 6 |
| 2011-12 & 2012-13 | കെ.എസ്.എ-കെ.ടി.എം.പി14/(അദാ2018) 206(10)/28.02.18 | 2 |
| 13-14 & 14-15 | കെ.എസ്.എ-കെ.ടി.എം.പി-14/85/20/12.06.2020 | 2 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി-14/85/ | 3 |

| | | |
|---|---|---|
| | 20/05.06.2020 | |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി-14/803/19/14.10.19 | 16 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി-14/513/2021/14.07.2021 | 12 |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ മുകളിൽ പട്ടികയിൽ കൊടുത്തിരിക്കുന്നു. അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കോട്ടയം, ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്